പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 459      27.09.2016 - ൽ മറുപടിക്ക്

## ഓൺ ലൈൻ മദ്യവില്പന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ്<br>,, സണ്ണി ജോസഫ്<br>,, അനിൽ അക്കര<br>,, റോജി എം. ജോൺ | | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പമന്ത്രി) | |
| (എ) | കൺസ്യൂമർ ഫെഡിന്റെ മദ്യവില്പന ശാലകളിലൂടെ ഓൺ ലൈൻ മദ്യവില്പനയ്ക്കുള്ള സംവിധാനം ഒരുക്കുമെന്ന കൺസ്യൂമർ ഫെഡ് ചെയർമാന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരം ഒരു പ്രസ്താവന നടത്തിയത്; വ്യക്തമാക്കുമോ; | (എ) | പത്രവാർത്ത മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൺസ്യൂമർഫെഡറേഷന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ കോഴിക്കോട് ജില്ലയിൽ നടന്ന മീറ്റ് ദ പ്രസ്സ് പരിപാടിയിൽ പങ്കെടുക്കവെ മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് ഒരു പ്രായോഗിക നിർദ്ദേശം എന്ന രീതിയിൽ ടെലിഫോൺ മുഖേനയോ ഓൺലൈനായോ നേരിട്ട് ബുക്ക് ചെയ്താൽ ടോക്കൺ അനുവദിക്കുന്നതിനും അതിനായി പ്രത്യേകം കൗണ്ടർ സജ്ജീകരിക്കുന്നതും ആലോചിക്കാവുന്നതാണ് എന്ന് മറുപടി പറഞ്ഞതിനെയാണ് 'ഓൺലൈൻ മദ്യ വിൽപ്പന' എന്ന പേരിൽ തെറ്റായി വ്യാഖ്യാനിച്ചത്. ഇത് സംബന്ധിച്ച് കൺവീനർ പത്ര മാധ്യമങ്ങളിൽ വിശദീകരണം നൽകിയിട്ടുണ്ട്. |
| (ബി) | ഗവൺമെന്റിന്റെ അറിവോ അംഗീകാരമോ ഈ പ്രസ്താവന നടത്തുന്നതിനു മുമ്പ് ചെയർമാൻ വാങ്ങിയിരുന്നോ; വിശദമാക്കുമോ; | (ബി) | സർക്കാരിന്റെ മുൻകൂർ അനുമതി കൺവീനർ വാങ്ങിയിരുന്നില്ല. മീറ്റ് ദ പ്രസ്സ് പരിപാടിയിൽ മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് നൽകിയ ഒരു മറുപടി മാത്രമാണിത്. നയപരമായ ഒരു തീരുമാനമോ നിലവിലുള്ള നടപടി ക്രമങ്ങളുടെ വ്യതിചലനമോ അല്ലാത്തതിനാൽ ഇക്കാര്യത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല. |
| (സി) | മദ്യവർജ്ജനം നടപ്പിലാക്കുക എന്ന സർക്കാരിന്റെ നയത്തിന്റെ ഭാഗമായിട്ടാണോ ഓൺ ലൈനിൽ മദ്യം വിൽക്കുന്നതിന് തീരുമാനം പ്രഖ്യാപിച്ചത് എന്ന് വ്യക്തമാക്കുമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ